**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5376** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഭാരത് രജിസ്ട്രേഷൻ വാഹന നികുതി നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹന നികുതി നിർണയം പരിപൂർണ്ണമായും സംസ്ഥാന അവകാശമാണെന്ന് ഭരണഘടനയുടെ 7-ാം പട്ടികയിലെ 57-ാം ഇനം വ്യക്തമാക്കുമ്പോഴും കേന്ദ്ര സർക്കാർ ഭാരത് രജിസ്ട്രേഷൻ എന്ന പേരിൽ സംസ്ഥാന അധികാരത്തിന്മേൽ കടന്നുകയറി നികുതി നിർണയം നടത്തുന്നതിലുള്ള പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (എ) | BH-സീരീസ് രജിസ്ട്രേഷൻ നടപ്പിലാക്കുമ്പോൾ നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ഉണ്ടായേക്കാവുന്ന നഷ്ടം സംബന്ധിച്ച് 13/09/2021 ൽ കേന്ദ്ര സർക്കാർ വിളിച്ച യോഗത്തിൽ അവതരിപ്പിക്കുകയും, "The present taxation rules of the States/ U.T.s will continue” എന്ന് Remarks രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാന നികുതി വിഹിതത്തിൽ ഗണ്യമായ സംഭാവന നൽകുന്ന മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്ത് ആർ.ടി.ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി മുക്തമാക്കുന്നതിനുമായി നിരവധി നിർദ്ദേശങ്ങളും സർക്കുലറുകളും മോട്ടോർ വാഹന വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയത്തിന്റെ ഭാഗമായി, അപേക്ഷകളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ഭൗതിക രേഖകൾ ഓഫീസിൽ സമർപ്പിക്കേണ്ടതില്ല. പകരം പൂർണ്ണമായും ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിവരുന്നു. നിലവിൽ 11 സേവനങ്ങൾക്ക് ഫേസ്‌ലെസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു സേവനങ്ങൾക്കും ഫേസ്‌ലെസ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മുൻകൂർ വാഹന പരിശോധന ഒഴികെയുള്ള സേവനങ്ങൾ കഴിയുന്നത്ര ഓൺലൈനായി, പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ, ലഭ്യമാക്കുക വഴി സേവനങ്ങൾ സുതാര്യമാകും. |
| (സി) | മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ | (സി) | വാഹന സംബന്ധമായ എല്ലാ സേവനങ്ങളും |

| | | | |
|---|---|---|---|
| | ഓൺലൈൻ വഴിയാക്കാനും ആദ്യം വരുന്നവർക്ക് ആദ്യം സേവനം ലഭ്യമാക്കാനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | | പക്ഷപാതരഹിതവും അഴിമതി രഹിതവുമായി, ആദ്യം വരുന്നയാൾക്ക് ആദ്യം എന്ന മാനദണ്ഡത്തിൽ, ലോകത്തിന്റെ ഏതു കോണിൽ നിന്നും സേവനം ലഭ്യമാകുന്ന തരത്തിൽ സോഫ്റ്റ്-വെയറിൽ മാറ്റം വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഫേസ്‌ലെസ് സംവിധാനം വഴി ആണ് ചെയ്തു വരുന്നത്. വാഹന രജിസ്ട്രേഷൻ സംബന്ധിച്ച് സേവനങ്ങളും ഇത്തരത്തിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ